നമ്പർ: D3-9224/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
**email: swdkerala@gmail.com**
തീയതി : 3.6.2019

## വിജ്ഞാപനം

സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്നതും NGO-കൾ മുഖേന നടത്തുന്നതുമായ ക്ഷേമസ്ഥാപനങ്ങളിലെ അന്യസംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാനത്ത് എത്തിക്കുന്ന പ്രത്യാശാ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപും, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന ടി പദ്ധതിയുടെ നടത്തിപ്പിന് തൽപ്പരരായ NGO കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ 20.6.2019 തീയതിയ്ക്കകം ഇതോടൊപ്പമുള്ള പ്രൊഫോർമ പ്രകാരം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് വിശദാംശം ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. അപേക്ഷയോടൊപ്പം അവശ്യമായ രേഖകൾ ഉൾപ്പെടുത്തേണ്ടതും ആകെ 2 പകർപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷയുടെ പുറം കവറിൽ "Application for Prathaysa Project" എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

for സാമൂഹ്യനീതി ഡയറക്ടർ

db@

PDF processed with CutePDF evaluation edition www.CutePDF.com

# Application Form

| | | |
|---|---|---|
| 1 | Name of Organisation | |
| 2 | Registration Number & Date (Enclose attested copy) | |
| 3 | PWD Registration Number & Date (Enclose attested copy) | |
| 4 | OCB Registration Number & Date (Enclose attested copy) | |
| 5 | Name of Chief Functionary of the Organization | |
| 6 | Address of the registered Office of the Organisation with PIN Code, Phone Number & email id | |
| 7 | Name and Address of Administrative Officer with Phone Number & email id | |
| 8 | Total number of years of operation | |
| 9 | Organisation's vision & mission(not exceeding in 5 0 words) | |
| 10 | Staff Strength(enclose details in prescribed format as explained in the proposal budget) | |
| 11 | Beneficiary details(Age wise, gender wise details) | |
| 12 | Income Tax Registration details (Enclose relevant details) | |
| 13 | PAN Details of Organisation | |
| 14 | Is the Organisation currently receiving funds from state/Central Government(If yes give details) | |
| 15 | Whether funds received for last 3 years were audited.<br>If yes enclose copy of documents | Yes/No |
| 16 | Proposed Project details(not exceeding in 100 words) | |

**Signature with office seal & date**

## List of documents to be enclosed

1. Attested copy of Registration certificates
2. Staff Details
3. Beneficiary Details
4. Income Tax Registration details
5. PAN Details of Organisation
6. Audited details of last 3 years fund received

## "പ്രത്യാശ"

## ക്ഷേമ സ്ഥാപനങ്ങളിലെ അന്യ സംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാനത്തെത്തിക്കുന്ന പദ്ധതി

**ആമുഖം:**

സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് ആകെ 31 പുനരധിവാസ സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നു. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഏകദേശം 239 സർക്കാരിതര പുനരധിവാസ സ്ഥാപനങ്ങളും സംസ്ഥാനത്തുണ്ട്. അനാഥരോ ഉപേക്ഷിക്കപ്പെട്ടവരോ ആയിട്ടുള്ള കുട്ടികൾ, വയോജനങ്ങൾ, അഗതികൾ, ശാരീരിക/മാനസിക വൈകല്യമുള്ളവർ, മനോ ദൗർബല്യമുള്ളവർ എന്നിങ്ങനെ നിരവധി പരിഗണനയർഹിക്കുന്ന ജനവിഭാഗങ്ങൾ ഇത്തരം സ്ഥാപനങ്ങളിൽ താമസിച്ചുവരുന്നു. ടി സ്ഥാപനങ്ങളിൽ OCBയുടെ രജിസ്ട്രേഷനോടുകൂടി സാമൂഹ്യനീതി വകുപ്പിൽ നിന്നും ഗ്രാന്റ് കൈപ്പറ്റുന്ന 120ഓളം Psychosocial Rehabilitation Centre-ലും വകുപ്പിന്റെ 31 ക്ഷേമ സ്ഥാപനങ്ങളിലും അന്യ സംസ്ഥാനക്കാരായ താമസക്കാരുമുണ്ട്. അത്തരത്തിലുള്ള വ്യക്തികളെ സ്വന്തം സംസ്ഥാനത്ത് എത്തിക്കുകയോ അവരുടെ കുടുംബാംഗങ്ങളുമായോ കൂട്ടിച്ചേർക്കുകയോ ചെയ്യേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്തമാണ്. നിലവിൽ സ്ഥാപന സൂപ്രണ്ടിന്റെയോ സന്നദ്ധരായ വ്യക്തികളുടെയോ സഹകരണത്താൽ അന്യ സംസ്ഥാനക്കാരായവരെ സ്വന്തം സംസ്ഥാനത്ത് എത്തിക്കാൻ സർക്കാർ ഉത്തരവിന് വിധേയമായി നടപടി സ്വീകരിക്കാറുണ്ടെങ്കിലും ആയത് സംബന്ധിച്ച് ടി മേഖലയിൽ പരിജ്ഞാനമുള്ളവരെ ഉൾപ്പെടുത്തി ഒരു പദ്ധതി നടപ്പാക്കിയിട്ടില്ല. അത്തരത്തിൽ ഒരു പുതിയ പദ്ധതി നടപ്പാക്കേണ്ടത് അനിവാര്യമായി കാണുന്നു.

**ഉദ്ദേശ ലക്ഷ്യങ്ങൾ:**

* സാഹചര്യങ്ങളാൽ സ്വന്തം സംസ്ഥാനത്ത് നിന്നും മാറി നിൽക്കേണ്ടി വന്നവർക്ക് സ്വന്തം സംസ്ഥാനത്ത് ജീവിക്കാനുള്ളതോ, സ്വന്തം ഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ ജീവിക്കാനുള്ളതോ ആയ സാഹചര്യം ഉണ്ടാക്കുക.
* സ്ഥാപനത്തിലെ താമസക്കാർക്ക് കുടുംബ ജീവിത സാഹചര്യം സാധ്യമാക്കുക.
* സാമൂഹ്യനീതി വകുപ്പിലെ താമസക്കാരുടെ എണ്ണം അനുവദനീയമായ എണ്ണത്തിൽ നിന്നും ഉയരുന്നത് തടയുക.
* അർഹരായ മറ്റ് താമസക്കാർക്ക് പുനരധിവാസ സ്ഥാപനത്തിൽ പ്രവേശനം സാധ്യമാക്കുക.
* പുനരധിവാസ സ്ഥാപനങ്ങളുടെ പ്രവർത്തനം സുഗമമാക്കുക.

AN

പദ്ധതി നിർവ്വഹണം:

* തത്പരരായ NGOകളിൽ നിന്നും അപേക്ഷ ക്ഷണിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണൽ തലത്തിൽ ഒന്നോ ഒന്നിൽക്കൂടുതലോ NGO മുഖേന പദ്ധതി നടപ്പാക്കാവുന്നതാണ്.

* തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം തുടങ്ങിയ ജില്ലകൾ തിരുവനന്തപുരം റീജിയണിന് കീഴിലും, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകൾ എറണാകുളം റീജിയണിന് കീഴിലും, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ കോഴിക്കോട് റീജിയണിന് കീഴിലും ഉൾപ്പെടുത്താവുന്നതാണ്.

* ആദ്യ ഘട്ടത്തിൽ ആകെ 100 പേർക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

* ഓരോ പുനരധിവാസ സ്ഥാപനത്തിലെയും അന്യ സംസ്ഥാനക്കാരായവരുടെ വിവരങ്ങൾ ശേഖരിച്ച് റീജിയണൽ തലത്തിൽ തരം തിരിച്ച് ബന്ധപ്പെട്ട NGOയ്ക്ക് കൈമാറാവുന്നതാണ്.

* ബന്ധപ്പെട്ട NGO സോഷ്യൽ വർക്കറുടെയും ഭാഷാ സഹായിയുടെയും സഹായത്താൽ ടി വ്യക്തികളുടെ സ്വന്തം സംസ്ഥാനം/ദേശം കണ്ടെത്തുകയും ടി സംസ്ഥാനത്തെ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പ്രൊബേഷൻ ഓഫീസറുമായി ചർച്ച ചെയ്ത് വ്യക്തിയെ അവരുടെ ബന്ധുക്കളോ മറ്റ് സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലോ സ്വീകരിക്കുന്നതിനുള്ള സമ്മത പത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

* അപ്രകാരം ലഭിക്കുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ ജില്ലാ തല കമ്മിറ്റി വിളിച്ച് ചേർക്കുകയും ജില്ലാ കളക്ടർ തലത്തിൽ വ്യക്തിയെ കൈമാറുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നതാണ്. ഒരു വ്യക്തിയെ അവരവരുടെ സംസ്ഥാനത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് ആവശ്യമായി വരുന്ന തുകയും ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്യേണ്ടതാണ്.

* ടി ഉത്തരവ് സംസ്ഥാന കമ്മിറ്റിയ്ക്ക് ലഭ്യമാക്കുകയും സംസ്ഥാന കമ്മിറ്റി അടിയന്തിര യോഗം കൂടി അന്തർ സംസ്ഥാന കൈമാറ്റത്തിന് ഉത്തരവ് പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പ് മേധാവിയെ രേഖാമൂലം അറിയിക്കുകയും ചെയ്യുന്നതാണ്.

ചർച്ച ചെയ്ത് plan of action with timeline തയ്യാറാക്കി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയ്ക്ക് വിധേയമായി NGOയ്ക്ക് വർക്ക് ഓർഡർ നൽകി ഘട്ടം ഘട്ടമായി തുക അനുവദിക്കുന്നതാണ്. അന്യ സംസ്ഥാന അധികാരികളുടെ അനുമതി ലഭ്യമാകുന്നതിനുള്ള നടപടി സംസ്ഥാന കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി നടപ്പാക്കാവുന്നതാണ്.

**ബഡ്ജറ്റ്:**

| SL. No | Item | Expense per Head | Total expense |
|---|---|---|---|
| 1 | Transportation by Train(Subject to Actuals) | 2500*3 | 7500 |
| 2 | Transportation by Bus & Local | 300*3 | 900 |
| 3 | Accommodation | 500*3 | 1500 |
| 4 | Honorarium to Bystanders/Escorters per day | 500*2*8 | 8000 |
| 5 | Contingencies (Medicine, Cloth, Bag, Sandals, Food, Honorarium to Social Worker, Interpreter, any other miscellaneous expense) | | 10000 |
| | | Expense for One Repatriation | 27,900 |
| | | 5% Administrative expense | 1395 |
| | | **Total Expense for One Repatriation** | **29,295** |
| | | **Expense for 100 Repatriation** | **29,29,500** |

**ശീർഷകം:**

ഡീ-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം 2235-60-200-83(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ 2235-60-200-83(P) ശീർഷകത്തിലെ തുക വിനിയോഗിക്കാവുന്നതാണ്.

**തുക അനുവദിക്കലും പദ്ധതി പുരോഗതി വിലയിരുത്തലും:**

ആകെ ഒരു വർഷത്തേയ്ക്കായി പ്രോജക്ട് നിശ്ചയിക്കാവുന്നതും ബഡ്ജറ്റ് പ്രകാരമുള്ള തുക ജില്ലാ കമ്മിറ്റിയുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വ്യക്തികളുടെ എണ്ണത്തിന് ആനുപാതികമായി കണക്കാക്കി NGOകൾക്ക് അനുവദിച്ച് നൽകാവുന്നതാണ്. ഓരോ NGOയ്ക്കും 75% മുൻകൂറായി നൽകാവുന്നതും ആയത് വിനിയോഗിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസർ വിശദമായ റിപ്പോർട്ട്, യു.സി. എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കി തുക

AN

* ടി ഉത്തരവ് സഹിതം വ്യക്തിയെ കൈമാറുന്നതിനുള്ള നടപടി NGO തലത്തിൽ സ്വീകരിക്കുന്നതാണ്.

* പദ്ധതി നടപ്പാക്കൽ നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുന്നതിനും ജില്ലാ തലത്തിലും, അന്യ സംസ്ഥാന മേധാവികളുമായി നടത്തിയിട്ടുള്ള കത്തിടപാടുകൾ വിലയിരുത്തുന്നതിനുമായി സംസ്ഥാന തലത്തിലും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. കമ്മിറ്റിയിൽ ചുവടെ ചേർത്തിട്ടുള്ളവരെ ഉൾപ്പെടുത്താവുന്നതാണ്.

**ജില്ലാ തല കമ്മിറ്റി:**

| | | | |
|---|---|---|---|
| 1. | ജില്ലാ കളക്ടർ | - | ചെയർമാൻ |
| 2. | ജില്ലാ സാമൂഹ്യനീതി ഓഫീസർ | - | കൺവീനർ |
| 3. | ജില്ലാ പ്രൊബേഷൻ ഓഫീസർ | - | മെമ്പർ |
| 4. | ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർ | - | മെമ്പർ |
| 5. | DELSA പ്രതിനിധി | - | മെമ്പർ |
| 6. | ആരോഗ്യ വകുപ്പ് പ്രതിനിധി | - | മെമ്പർ |
| 7. | പോലീസ് വകുപ്പ് പ്രതിനിധി | - | മെമ്പർ |
| 8. | തെരഞ്ഞെടുക്കപ്പെടുന്ന NGO പ്രതിനിധി | - | മെമ്പർ |
| 9. | OCBയുടെ ജില്ലാതല പ്രതിനിധി | - | മെമ്പർ |
| 10. | റയിൽവേ പ്രതിനിധി | - | മെമ്പർ |

**സംസ്ഥാനതല കമ്മിറ്റി:**

1. സാമൂഹ്യനീതി ഡയറക്ടർ
2. OCB മെമ്പർ സെക്രട്ടറി
3. പോലീസ് വകുപ്പ് പ്രതിനിധി
4. മാനസികരോഗ മേഖലാ വിദഗ്ധൻ

സംസ്ഥാന കമ്മിറ്റിയിലേയ്ക്ക് വിഷയം present ചെയ്യേണ്ടത് NGO പ്രതിനിധിയാണ്.

ഓരോ ജില്ലകളിലെയും പുനരധിവാസ സ്ഥാപനങ്ങളിലെ അന്യസംസ്ഥാനക്കാരായ താമസക്കാരുടെ എണ്ണം ജില്ലാ സാമൂഹ്യനീതി ഓഫീസർ തലത്തിൽ തയ്യാറാക്കി NGOയുമായി

അനുവദിക്കാവുന്നതുമാണ്. plan of action പാലിക്കുന്നുണ്ടോയെന്ന് എല്ലാ മാസവും ജില്ലാ സാമൂഹ്യനീതി ഓഫീസർ തലത്തിൽ പുരോഗതി വിലയിരുത്താവുന്നതു മാണ്.

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

JALAJA. S.
Assistant Director
Directorate of Social Justice
Vikas Bhavan
Thiruvananthapuram-33

AN